പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4902 04/07/2012 - ൽ മറുപടിക്ക്

# മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>,, എസ്. ശർമ്മ:<br>,, കെ. വി. അബ്ദുൾ ഖാദർ:<br>,, സി. കൃഷ്ണൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരളത്തിൽ എവിടെയെല്ലാമാണ് മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ നിർമ്മിക്കുന്നത്; ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത്; ഇതുവഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേരളത്തിൽ താഴെ പറയുന്ന പ്രദേശങ്ങളാണ് മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായി വികസിപ്പിക്കപ്പെടുന്നത്.

| | | | |
|---|---|---|---|
| 1. | വലിയതുറ | - | തിരുവനന്തപുരം |
| 2. | പുത്തൻതുറ | - | കൊല്ലം |
| 3. | തൃക്കുന്നപ്പുഴ | - | ആലപ്പുഴ |
| 4. | ആറാട്ടുപുഴ | - | ആലപ്പുഴ |
| 5. | ചെല്ലാനം | - | എറണാകുളം |
| 6. | കൈപ്പമംഗലം | - | തൃശ്ശൂർ |
| 7. | പൊയ്യ-ആനാപ്പുഴ | - | തൃശ്ശൂർ |
| 8. | താനൂർ | - | മലപ്പുറം |
| 9. | മാറാട് | - | കോഴിക്കോട് |
| 10. | അഴീക്കോട് | - | കണ്ണൂർ |
| 11. | അജാനൂർ | - | കാസർഗോഡ് |

ഭവന നിർമ്മാണം, കുടിവെള്ള വിതരണം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാന സൗകര്യ വികസനം, സ്കൂളുകളുടെ നവീകരണം, സാമൂഹ്യ അടിസ്ഥാന സൗകര്യ

വികസനം എന്നീ ഘടകങ്ങൾക്കായി ഏകദേശം 14.55 കോടി രൂപയാണ് ഓരോ ഗ്രാമങ്ങൾക്കുമായി ചെലവഴിക്കുന്നത്. ഈ പദ്ധതിയിലൂടെ ഏകദേശം 3124 മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നു.

(ബി) മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ വീടുകൾക്ക് പുറമേ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്;

(ബി) മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ വീടുകൾക്ക് പുറമേ കുടിവെള്ള വിതരണം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാന സൗകര്യ വികസനം, സ്കൂളുകളുടെ നവീകരണം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്.

(സി) പുതുതായി നിർമ്മിക്കപ്പെടുന്ന മാതൃകാഗ്രാമങ്ങളിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വിശദമാക്കാമോ?

(സി) പുതുതായി നിർമ്മിക്കപ്പെടുന്ന മാതൃകാ ഗ്രാമങ്ങളിൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തുകൊള്ളാമെന്ന് ഉറപ്പു വരുത്തിയശേഷമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ